**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി - കരാർ ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(കൈ) 127/16/തസ്വഭവ തിരുവനന്തപുരം, തീയതി, 07.09.2016

==============================================================================

പരാമർശം:
1. സ.ഉ (കൈ) നം. 210/2010/തസ്വഭവ തീയതി 13-09-2010
2. സ.ഉ (കൈ) നം. 252/2010/തസ്വഭവ തീയതി 03-11-2010
3. സ.ഉ (കൈ) നം. 16/2013/തസ്വഭവ തീയതി 16-01-2013
4. സ.ഉ (സാധാ) നം. 1900/2013/തസ്വഭവ തീയതി 18-07-2013
5. സ.ഉ (എം.എസ്) നം. 80/2012/തസ്വഭവ തീയതി 29-03-2012
6. സ.ഉ (ആർ.റ്റി) നം. 2922/2011/തസ്വഭവ തീയതി 09-12-2011
7. 06-11-2013-ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ തീരുമാനം
8. നഗരകാര്യ ഡയറക്ടറുടെ 20-05-2014-ലെ ഡിസി5/2335/14 നമ്പർ കത്ത്

**ഉത്തരവ്**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്ത് നഗര തൊഴിലുറപ്പ് പദ്ധതി "അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി" എന്ന പേരിൽ നടപ്പിൽ വരുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് പദ്ധതി നടത്തിപ്പിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ബഹു. നഗരകാര്യ വകുപ്പ മന്ത്രി ചെയർമാനായും നഗരകാര്യ ഡയറക്ടർ കൺവീനറായും ഒരു സംസ്ഥാന കൗൺസിൽ രൂപീകരിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി നിലവിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശം പരാമർശം(4) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല പരാമർശം (5) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡയറക്ടറിൽ നിന്നും നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് മാറ്റി നൽകിയിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് ചുമതല നഗരകാര്യ ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവായതിനു ശേഷം പദ്ധതിയുടെ തുടർ നടത്തിപ്പിനായി നഗരസഭകളിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിരുന്നു. പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുണ്ടായിരുന്ന അതേ നിരക്കിൽ ഓവർസിയർക്ക് 5,000/- രൂപയും, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് 6,000/- രൂപയും വേതനം അനുവദിച്ചിരുന്നു. പരാമർശം(6) പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാർക്ക് വേതനം വർദ്ധിപ്പിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലിനോക്കി വരുന്ന ജീവനക്കാരുടെ അതേ വേതനം അയ്യങ്കാളി നഗര

തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന കരാർ ജീവനക്കാർക്ക് നൽകുന്നതിന് പരാമർശം(7) പ്രകാരം തീരുമാനിച്ചു. അതനുസരിച്ച് ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ വേതനം 10,000/- രൂപയായും അസിസ്റ്റന്റ് എഞ്ചിനീയറുടേത് 12,000/- രൂപയായും വർദ്ധിപ്പിച്ച് ഉത്തരവാകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (8) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ കരാർ അടിസ്ഥാനത്തിൽ പ്രവൃത്തിയെടുക്കുന്ന അസിസ്റ്റന്റ് എൻജിനിയർമാരുടെ പ്രതിമാസ വേതനം 12,000/- രൂപയായും ഓവർസിയർമാരുടെയും ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെയും പ്രതിമാസവേതനം 10,000/- രൂപയായും 01.04.2016 തീയതി മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

4. കരാർ ജീവനക്കാർക്ക് യാത്രാബത്ത നൽകാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ യാത്രാബത്ത നൽകാൻ പാടുള്ളതല്ല.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ദിലീപ് കുമാർ വി.ആർ.**
**അഡീഷണൽ സെക്രട്ടറി**

To

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (10.06.2016 തീയതിയിലെ Dev-1/7/14-ധന. പ്രകാരം)
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.